പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2266 **27-10-2026-ൽ മറുപടിയ്ക്ക്**

കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ജയിലുകൾ നിർമിക്കുന്ന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ജയിലുകൾ നിർമ്മിയ്ക്കുന്നതിനോ നവീകരിക്കുന്നതിനോ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളാണ് കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

മറുപടി: സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ജയിലുകൾ നിർമ്മിയ്ക്കുന്നതിനോ നവീകരിക്കുന്നതിനോ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ 'ജയിലുകളുടെ ആധുനീകരണം' എന്ന സെൻട്രൽ സെക്ടർ പദ്ധതിയിലുൾപ്പെടുത്തി ജയിലുകളിൽ സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, അന്തേവാസികൾക്ക് വൊക്കേഷണൽ ട്രെയിനിങ്ങ്, സൈക്കോളജി/ കോഗ്നിറ്റീവ് തെറാപ്പി ക്ലാസുകൾ നൽകൽ, കൗൺസിലർമാരുടെ നിയമനം, പ്രിസൺ ഒഫീഷ്യൽസിനായുള്ള റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ